ESTD:1976

കാരവൽ

1196 തുലാം 26, 1442 റ.അവ്വൽ 25, 2020 നവംബർ 11 ബുധൻ

സംശുദ്ധരാഷ്ട്രീയത്തിനു സർവ്വശക്തി

ദേശീയ രാഷ്ട്രീയത്തിൽ നിർണ്ണായകവും വാശിയേറിയതുമായ മത്സരം നടന്ന ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിൽ പ്രധാന മന്ത്രി നരേന്ദ്രമോദിയുടെ രാഷ്ട്രീയ നിലപാടുകൾക്കു സംസ്ഥാന ജനത ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

രാജ്യത്ത് ഇച്ഛാശക്തിയും നേതൃപാടവും സംശുദ്ധമായ ഭരണവും ഉറപ്പാക്കാൻ മോദിയുടെ നേതൃത്വത്തിനാണ് കഴിവുള്ളതെന്ന ജനങ്ങളുടെ പ്രഖ്യാപനത്തിന്റെ വിളംബരമായി ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പു ഫലം മാറിയിരിക്കുന്നു. ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനൊപ്പം നടന്ന 11 സംസ്ഥാനങ്ങളിലെ 59 നിയമസഭാ ഉപതിരഞ്ഞെടുപ്പുകളിൽ 39വും ബി ജെ പിയോടു ജനങ്ങൾക്കുള്ള ആഭിമുഖ്യമാണ് വെളിപ്പെടുത്തുന്നത്.

മൂന്നുതവണ തുടർച്ചയായി മുഖ്യമന്ത്രിയായിരുന്ന നിതീഷ് കുമാറിനെ ജനകീയ എതിർപ്പുകൾക്കിടയിലും മുഖ്യമന്ത്രി സ്ഥാനാർത്ഥിയായി മുൻകൂട്ടി എടുത്തുകാട്ടിക്കൊണ്ടാണ് ബി ജെ പി ബിഹാറിൽ നിയമസഭാ തിരഞ്ഞെടുപ്പിനെ നേരിട്ടത്.

അധികാരം ഉറപ്പിക്കാൻ മുന്നണികളിൽ മാറിമാറിക്കയറിക്കൂടുമ്പോഴും ഭരണാധികാരി എന്ന നിലയിൽ അഴിമതികൾ കൊണ്ടു കുന്നുകൂടിയ ബിഹാറിൽ അഴിമതിരഹിത ഭരണം കാഴ്ചവയ്ക്കാൻ കഴിഞ്ഞുവെന്നതാണ് നിധീഷ് കുമാറിന്റെ സവിശേഷത. ഈ സവിശേഷത പ്രധാനമന്ത്രി മോദികഴിഞ്ഞാൽ ജനങ്ങളിൽ നിന്നു നിർല്ലോഭം ലഭിക്കുന്നതു നിധീഷ് കുമാറിനാണ്. ഭരണത്തിലും രാഷ്ട്രീയത്തിലും കടുംപിടിത്തക്കാരനായ നിധീഷ് യു പി എയിലും എൻ ഡി എയിലും മാറാമാറിച്ചവിട്ടുകയും മൂന്നാം മുന്നണിയുടെ സാരഥിയാവാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. യു പി എയിൽ ചേരുമ്പോഴും അതിൽ നിന്ന് എൻ ഡി എയിലേക്കു മാറുമ്പോഴും നിതീഷ് മുഖ്യമന്ത്രി സ്ഥാനവും കേന്ദ്രമന്ത്രി സ്ഥാനവും ഉറപ്പാക്കിയിരുന്നു. മാത്രമല്ല, അതിനു ബി ജെ പിയോ, കോൺഗ്രസ്സോ മറ്റു രാഷ്ട്രീയ പാർട്ടികളോ എതിരു നിന്നിട്ടില്ലെന്നതും നിധീഷിന്റെ വ്യക്തിത്വഗുണമാണ്.

ഈ തിരഞ്ഞെടുപ്പിൽ നിധീഷിന്റെ പാർട്ടിയിൽ നിന്നു തന്നെ കടുത്ത എതിർപ്പുയരുകയും ബിഹാറിലെ എൻ ഡി എയിലെ രണ്ടു ഘടകകക്ഷികൾ മുന്നണി വിടുകയും ചെയ്തതോടെ എൻ ഡി എ സംസ്ഥാനത്തു നിഷ്പ്രഭമാവുമെന്നും ജെ ഡി യു അപ്രസക്തമാവുമെന്നും വലിയ പ്രചരണമുണ്ടായിരുന്നു. പ്രസംഗങ്ങളുമുണ്ടായിരുന്നു.

എന്നാൽ പ്രചരണത്തെക്കാളും പ്രഖ്യാപനത്തെക്കാളും ജനങ്ങൾ വിശ്വസിക്കുന്നതു പ്രവർത്തനങ്ങളെയാണെന്നു തിരിച്ചറിയുകയും രാഷ്ട്രീയ പ്രവർത്തനത്തിലൂടെയും ഭരണത്തിലൂടെയും ജനങ്ങളെ അതു ബോധ്യപ്പെടുത്തുകയും ചെയ്യുന്ന പ്രധാനമന്ത്രിയുടെ നേതൃത്വം ജനങ്ങൾ ബിഹാറിലും ഉൾക്കൊണ്ടു. അതുകൊണ്ടു തന്നെ ബിഹാറിൽ എൻ ഡി എയിൽ കൂടുതൽ സീറ്റ് ഇതുവരെ നിലനിറുത്തിയിരുന്ന ജെ ഡി യുവിന് ഇത്തവണ നിയമസഭാംഗങ്ങളുടെ എണ്ണത്തിൽ വലിയ കുറവു സംഭവിച്ചു. ബിഹാറിലെ എൻ ഡി എയിലെ പ്രധാന കക്ഷിയായി 74 അംഗങ്ങളെ വിജയിപ്പിച്ചു കൊണ്ടു ബി ജെ പി നേടുകയും ചെയ്തു.

ബിഹാറിലെ നേട്ടം രാഷ്ട്രീയരംഗത്ത് അനിവാര്യമായ മറ്റൊരു ശുഭകരമായ മാറ്റത്തിനു കൂടി തുടക്കം കുറിച്ചിരിക്കുന്നു. പാർട്ടികളുടെ പിളർപ്പുകളും ഒരാൾ ഒറ്റക്ക് പാർട്ടികൾ രൂപീകരിക്കുന്ന പ്രവണതയും അതിനു നിലനിൽക്കാൻ തീവ്രവാദവും മൗലികവാദങ്ങളും പ്രചരിപ്പിക്കുന്നതും അഴിമതി നടത്തുന്നതും ഇല്ലാതാക്കുന്നതിനുള്ള ശ്രമത്തിന്റെ സൂചനകൾ ബിഹാർ തിരഞ്ഞെടുപ്പു ഫലം നൽകുന്നുണ്ട്. ഒന്നും രണ്ടും പേർ ചേർന്നുണ്ടാക്കുന്ന പാർട്ടികൾക്കും, മൗലിക വാദികളും തീവ്രവാദികളും ഉണ്ടാക്കുന്ന പാർട്ടികൾക്കും ഭാവിയിൽ രാഷ്ട്രീയ രംഗത്ത് ഒറ്റപ്പെടേണ്ട സ്ഥിതി ഉണ്ടാവുമെന്ന് ഈ തിരഞ്ഞെടുപ്പു ഫലം സൂചന നൽകുന്നു.

അതേസമയം ദേശീയ പാർട്ടികളായ കോൺഗ്രസ്സും കമ്മ്യൂണിസ്റ്റ് പാർട്ടികളും ഇന്ത്യൻ രാഷ്ട്രീയത്തിൽ അപ്രസക്തമാവുന്നുവെന്നതിന്റെ സൂചനയും ബിഹാർ തിരഞ്ഞെടുപ്പു ഫലം പ്രകടിപ്പിക്കുന്നുണ്ട്. സി പി എം- സി പി ഐ പാർട്ടികൾ മഹാസഖ്യത്തിനൊപ്പം നിന്നു രണ്ടു സീറ്റുകൾ വീതം നേടിയപ്പോൾ അതേ സഖ്യത്തിലുണ്ടായിരുന്ന സി പി ഐ എം എല്ലിന് 12 സീറ്റുകൾ ലഭിച്ചത് കമ്യൂണിസത്തോടുള്ള ജനകീയാഭിമുഖ്യം വെളിപ്പെടുത്തുന്നു. ആദർശങ്ങളിൽ പറയുന്ന ആത്മാർത്ഥത, പ്രവൃത്തിയിൽ ആത്മാർത്ഥമായി പ്രകടിപ്പിക്കുന്നവരെ തിരിച്ചറിയാനുള്ള അറിവ് സാധാരണ ജനങ്ങൾക്കുണ്ടായിരിക്കുന്നു. ഈ തിരിച്ചറിവ് രാഷ്ട്രീയ നേതൃത്വങ്ങൾക്കു കൂടിയുണ്ടായാൽ നാടും ജനങ്ങളും രക്ഷപ്പെടുമെന്ന് ഉറപ്പാണ്.

മികച്ച സാമൂഹ്യ പ്രതിബദ്ധത പ്രകടിപ്പിച്ച പഞ്ചായത്തംഗം അനീസയെ കോൺഗ്രസ് വാർഡ് കമ്മറ്റി അനുമോദിച്ചപ്പോൾ

അനീസക്ക് കോൺഗ്രസ് ആദരം

ബോവിക്കാനം: സാമൂഹ്യ പ്രതിബദ്ധതയും, മികവുറ്റ സേവനവും, വികസന മുന്നേറ്റവും നടത്തിയ മുളിയാർ പഞ്ചായത്ത് അംഗം അനീസയെ മല്ലം വാർഡ് കോൺഗ്രസ് കമ്മിറ്റി അനുമോദിച്ചു.മാധവൻ നമ്പ്യാർ ആധ്യക്ഷം വഹിച്ചു.എം.സി. പ്രഭാകരൻ ഉദ്ഘാടനം ചെയ്തു. എം.കുഞ്ഞമ്പു നമ്പ്യാർ ഉപഹാരം സമർപ്പിച്ചു. ഗൗരി നമ്പ്യാർ,ബി.സി. കുമാരൻ, റഷീദ് അനുമോദിച്ചു.പ്രകാശ് റാവു, കൃഷ്ണൻ പൊന്നപ്പൻ, ഗോപാലൻ, നാരായണൻ നമ്പ്യാർ, ശാന്തിനി ദേവി, മണികണ്ഠൻ, പീറ്റർ, സുനിൽ, അനിൽ,പീറ്റർ ഡിസൂസ, കുമാരി അർപ്പിത, സുലോചന, റീന, സുഗന്ധി സംബന്ധിച്ചു.

കേരളം തിരഞ്ഞെടുപ്പ് ചൂടിലേക്ക്...

അവകാശ വാദങ്ങളെക്കാൾ കേസന്വേഷണങ്ങൾ രാഷ്ട്രീയ ചൂട് പകരുന്ന അന്തരീക്ഷത്തിലാണ് സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന് കളമൊരുങ്ങുന്നത്.

രാഷ്ട്രീയത്തേക്കാൾ വ്യക്തിഗത ബന്ധങ്ങളും മികവും അളക്കുന്നതാണ് തദ്ദേശ തിരഞ്ഞെടുപ്പ് എന്നതിൽ തർക്കമില്ല. അതുകൊണ്ടു തന്നെ രാഷ്ട്രീയ വിവാദങ്ങൾ എത്രകണ്ട് തദ്ദേശ തിരഞ്ഞെടുപ്പിൽ പ്രതിഫലിക്കുമെന്ന് കണ്ടു തന്നെ അറിയണം. എന്തു തന്നെയായാലും സംസ്ഥാനത്തെ രാഷ്ട്രീയ പാർട്ടികൾക്ക് തദ്ദേശ തിരഞ്ഞെടുപ്പ് വരാൻ പോകുന്ന നിയമസഭാ തിരഞ്ഞെടുപ്പിന്റെ റിഹേഴ്സൽ തന്നെയാണ്. ഫൈനലിന് മുമ്പായുള്ള സെമി ഫൈനൽ എന്നൊക്കെ രാഷ്ട്രീയ വിശേഷണം ഉണ്ടെങ്കിലും തദ്ദേശ തിരഞ്ഞെടുപ്പിന് കടകവിരുദ്ധമായ ഫലങ്ങൾ മാസങ്ങൾക്കുള്ളിൽ നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ നടന്നിട്ടുണ്ടെന്ന കാര്യവും മറക്കണ്ട. അതായത് സെമിയിലെ പ്രകടനത്തെ അടിസ്ഥാനമാക്കിയൊരു ഫൈനൽ പ്രവചനം അസാധ്യം എന്ന് സാരം. സംസ്ഥാനത്ത് മൂന്ന് ഘട്ടങ്ങളായാണ് തദ്ദേശ തിരഞ്ഞെടുപ്പ് നടക്കുന്നത്. ഡിസംബർ, എട്ട്, പത്ത്, പതിനാല് തീയ്യതികളിലാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. തിരഞ്ഞെടുപ്പ് വിജ്ഞാപനം നാളെ പുറപ്പെടുവിക്കും. അന്നു മുതൽ നാമനിർദ്ദേശ പത്രികാ സമർപ്പണവും നടക്കും.

പരിചിതമുഖവും ജനകീയ ഇടപെടലുമായിരിക്കും വിധി നിർണ്ണയത്തിന് പ്രധാന ഘടകമായി തീരുക. അതുകൊണ്ടു തന്നെ അത്തരക്കാരെ മത്സരരംഗത്തിറക്കാനാണ് എൽ ഡി എഫ്, യു ഡി എഫ്, എൻ ഡി എ സഖ്യങ്ങൾ ശ്രമിക്കുന്നത്. സീറ്റ് വിഭജന ചർച്ച പൂർത്തിയാക്കിയ മുന്നണികൾ സ്ഥാനാർത്ഥി പ്രഖ്യാപനത്തിൽ എത്തി നിൽക്കുകയാണ്. സംസ്ഥാനത്ത് ഇടതു മുന്നണി ഭൂരിഭാഗം വാർഡുകളിലും സ്ഥാനാർത്ഥികളെ നിശ്ചയിച്ചു കഴിഞ്ഞു. ഇതിന്റെ ആത്മവിശ്വാസത്തിലാണ് മുന്നണി തിരഞ്ഞെടുപ്പ് ഗോദയിൽ ഇറങ്ങിയിട്ടുള്ളത്. എന്നാൽ അലോസരങ്ങളും ആശയക്കുഴപ്പങ്ങളുമില്ലാതെ സീറ്റ് വിഭജനം പൂർത്തിയാക്കാൻ കഴിഞ്ഞുവെന്നതാണ് യു ഡി എഫിന്റെ നേട്ടം. എൻ ഡി എ മുന്നണിയാണെങ്കിലും അതിലെ പ്രബല കക്ഷി ബി ജെ പി തന്നെയാണ്. ഇരു മുന്നണികൾക്കും ഭീഷണിയായി ബി ജെ പി സാന്നിധ്യം തദ്ദേശ തിരഞ്ഞെടുപ്പിൽ സജീവമായി ഉണ്ടാകുമെന്ന കാര്യം തീർച്ചയാണ്. എല്ലായിടത്തും പരമാവധി വോട്ടുകൾ കരസ്ഥമാക്കുക. അതിനായി ജനകീയ മുഖമുള്ളവരെ മത്സര രംഗത്തേക്ക് കൊണ്ടു വരുക- അതിനാണ് ബി ജെ പി ശ്രമം. 941 ഗ്രാമപഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും പതിനാല് ജില്ലാ പഞ്ചായത്തുകളും 87 മുൻസിപ്പാലിറ്റികളും ആറ് മുനിസിപ്പൽ കോർപ്പറേഷനുകളുമാണ് സംസ്ഥാനത്തുള്ളത്. കോവിഡ് സൃഷ്ടിച്ച മരവിപ്പിനിടെയാണ് നമ്മുടെ സംസ്ഥാനം തിരഞ്ഞെടുപ്പ് ചൂടിലേക്ക് നീങ്ങുന്നത്. എന്നാൽ ചരിത്രത്തിലെ ഏറ്റവും ബഹളവും ഒച്ചപ്പാടും കുറഞ്ഞ തിരഞ്ഞെടുപ്പായിരിക്കും നടക്കാൻ പോകുന്നതെന്ന പ്രത്യേകതയും ഉണ്ട്.

കോവിഡ് വ്യാപനം ഇപ്പോഴും തുടർന്നു കൊണ്ടിരിക്കേ കടുത്ത നിയന്ത്രണങ്ങളാണ് തദ്ദേശ തിരഞ്ഞെടുപ്പിൽ ഏർപ്പെടുത്തിയിരിക്കുന്നത്. പ്രചരണ രംഗത്ത് ജാഥയും ആൾക്കൂട്ടവും കൊട്ടിക്കലാശവും പാടില്ല. ഭവന സന്ദർശനത്തിന് അഞ്ചിലധികം പേർ അരുത്. എന്നിങ്ങനെ പല തരത്തിലുള്ള നിബന്ധനകളാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ മുന്നോട്ടു വെച്ചിട്ടുള്ളത്.

അതുകൊണ്ടു തന്നെ പൊതു വേദികളിലെ ഈ നിയന്ത്രണം മൂലം സോഷ്യൽ മീഡിയയെ ആശ്രയിച്ചായിരിക്കും പ്രചരണം കൊഴുപ്പിക്കുന്നത്. സോഷ്യൽ മീഡിയയുടെ സാധ്യതകളെ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന തിരഞ്ഞെടുപ്പായി ഇത് മാറും. മൂന്നു മുന്നണികളുടെയും സ്ഥാനാർത്ഥി നിർണ്ണയ ചർച്ചകൾ അവസാന ഘട്ടത്തിലേക്ക് എത്തിയതോടെ ചിലരെല്ലാം പ്രചരണത്തിനും ഇറങ്ങി തുടങ്ങി.

ഭരണതലത്തിലും ആസൂത്രണത്തിലും തദ്ദേശ സ്ഥാപനങ്ങളുടെ പ്രസക്തിയും പ്രാധാന്യവും ഏറിവരുന്ന കാലഘട്ടമാണിത്. പ്രളയത്തിന്റെയും കോവിഡിന്റെയും കാലത്ത് അതാത് ഇടങ്ങളിൽ ഇത്തരം സ്ഥാപനങ്ങൾ നടത്തിയ ഇടപെടൽ ശ്ലാഘനീയമാണ്.

ജനങ്ങളുമായി നിത്യേന ബന്ധപ്പെടുന്ന ഭരണ കർത്താക്കളെ തിരഞ്ഞെടുക്കാൻ ലഭിക്കുന്ന അവസരം ആവേശത്തോടും കക്ഷിരാഷ്ട്രീയ പരിഗണനകൾക്കപ്പുറം, വ്യക്തി ബന്ധങ്ങളെയും വ്യക്തിഗത മികവിനെയും മുൻനിർത്തി നിർവ്വഹിക്കാൻ കേരളീയർ പലപ്പോഴും ശ്രമിച്ചിട്ടുണ്ട്.

പ്രാദേശിക പ്രശ്നങ്ങൾക്കാണ് തദ്ദേശ തിരഞ്ഞെടുപ്പുകളിൽ പ്രാമുഖ്യം കൽപ്പിക്കേണ്ടതെങ്കിലും സംസ്ഥാന രാഷ്ട്രീയവും ദേശീയ രാഷ്ട്രീവുമൊക്കെയായിരിക്കും അരങ്ങു തകർക്കുക എന്ന് വ്യക്തം.

2015-ലെ രാഷ്ട്രീയ അവസ്ഥ അല്ല ഇപ്പോഴത്തേത്. സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് സംസ്ഥാന രാഷ്ട്രീയത്തെ പിടിച്ചുകുലുക്കിയ വിവാദങ്ങളിൽപ്പെട്ടുഴലുകയാണ് ഇടതുമുന്നണി. ഇത് പ്രചരണായുധമാക്കി നേട്ടം കൊയ്യാമെന്ന് യു ഡി എഫ് കണക്കുകൂട്ടിക്കൊണ്ടിരിക്കുന്നതിനിടെയാണ് മഞ്ചേശ്വരം എം എൽ എയുടെ അറസ്റ്റ്. കെ എം ഷാജിക്കെതിരായ വിജിലൻസ് അന്വേഷണം, കേരള കോൺഗ്രസ് ജോസ് കെ മാണി വിഭാഗത്തിന്റെ കളം മാറൽ തുടങ്ങിയ വിഷയങ്ങൾ അവർക്കു നേരെ ഫണ മുയർത്തിയത്. ബി ജെ പിയിലാണെങ്കിൽ മുമ്പെങ്ങുമില്ലാത്ത വിധം ചേരിപ്പോര് രൂക്ഷവും.

യു കെ ദിനേശൻ

കാഞ്ഞങ്ങാട് നഗരസഭയിൽ വീണ്ടും എൽ ഡി എഫ് അധികാരത്തിൽ വരും: ചെയർമാൻ

കാഞ്ഞങ്ങാട്:കാഞ്ഞങ്ങാട് നഗരസഭയിൽ വൻ ഭൂരിപക്ഷത്തോടെ എൽഡിഎഫ് അധികാരത്തിൽ വീണ്ടും വരുമെന്ന് ചെയർമാൻ വി വി രമേശൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

എൽഡിഎഫ് പ്രകടന പത്രികയിൽ പറഞ്ഞ കാര്യങ്ങളിൽ 99 ശതമാനം പ്രവൃത്തിയും സമയബന്ധിതമായി പൂർത്തീകരിച്ചു. ബഹുവർഷ പദ്ധതികൾക്ക് തുടക്കമിട്ടു. സാങ്കേതിക കാരണങ്ങളാൽ കാഞ്ഞങ്ങാട് സ്റ്റേഡിയം പണി തുടങ്ങാൻ കഴിഞ്ഞില്ല. അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയത്തിനാവശ്യമായ സ്ഥലം ലഭ്യമല്ലാത്തതാണ് പ്രശ്നം. അതേസമയം പ്രകടന പത്രികയിൽ പറയാത്ത അന്താരാഷ്ട്രനിലവാരത്തിലുള്ള ഓപ്പൺ ജിം പ്രവർത്തനം അടുത്തുതന്നെ തുടങ്ങും.

വർഷങ്ങളായി മുടങ്ങിക്കിടന്ന അലാമിപ്പള്ളി ബസസ്റ്റാൻഡ് പണി പൂർത്തിയാക്കി ജനങ്ങൾക്ക് തുറന്നുകൊടുത്തു. 53 അങ്കണവാടികളിൽ 49 എണ്ണത്തിനും സ്വന്തമായതും വൃത്തിയുള്ളതുമായ കെട്ടിടം നിർമ്മിച്ചു അദ്ദേഹം പറഞ്ഞു.

ഷാർജാ പുസ്തകമേളയിൽ പാണക്കാട് സയ്യിദ് ബശീറലി ശിഹാബ് തങ്ങൾ പുസ്തകം പ്രകാശനം ചെയ്യുന്നു.

പ്രകാശനം ചെയ്തു

ഷാർജ: ഷാർജാ അന്താരാഷ്ട്ര പുസ്തകമേളയിൽ പ്രസിദ്ധീകരിച്ച എട്ട് പുസ്തകങ്ങൾ ബശീറലി ശിഹാബ് തങ്ങൾ പാണക്കാട്, യു.എ.ഇ സുപ്രീം കോടതി വക്കീൽ മുഹമ്മദ് അൽ അവാമി അൽ മൻസൂർ, ജോർദാൻ നോവലിസ്റ്റ് മുഹമ്മദ് നാബുൽസി എന്നിവർ പ്രകാശനം ചെയ്തു.

എസ്.കെ.എസ്.എസ്.എഫ് യു എ ഇ നാഷണൽ പ്രസിഡണ്ട് ശുഐബ് തങ്ങൾ, സൈനുൽ ആബിദ്, എം.ഡി മുനീർ കാവുങ്ങൽ പറമ്പിൽ, പി.ടി അബ്ദുറഹ് മാൻ, കെ.പി അശ്റഫ് ഹുദവി, ശാഫി ഹുദവി, സൈനുദ്ദീൻ ഹുദവി മാലൂർ സംബന്ധിച്ചു.

ബ്ലോക്ക് മുൻസിപ്പൽ ട്രെയിനർമാർക്ക് പരിശീലനം നൽകി

കാസർകോട്: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിയോഗിക്കുന്ന തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി ബ്ലോക്ക്/ മുൻസിപ്പൽതല ട്രെയിനർമാർക്കുള്ള പരിശീലനം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്നു. ജില്ലാ കളക്ടർ ഡോ ഡി സജിത് ബാബു ഉദ്ഘാടനം ചെയ്തു. ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ രമേന്ദ്രൻ എ കെ, പരിശീലന വിഭാഗം ജില്ലാ നോഡൽ ഓഫീസർ കെ ബാലകൃഷ്ണൻ എന്നിവർ സംസാരിച്ചു. ജില്ലാതല മാസ്റ്റർ പരിശീലകരായ സുബൈർ എൽ കെ, ഹംസ എം, സുരേഷ് ബാബു ജി, നാരായണൻ കെ എന്നിവർ ക്ലാസെടുത്തു. വരും ദിവസങ്ങളിൽ ബ്ലോക്ക്/ മുൻസിപ്പൽ തല പരിശീലകർ തെരഞ്ഞെടുപ്പ് ജോലിക്ക് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകും.

വയറവള്ളി-പുക്കളം-രാരപ്പനടുക്കം റോഡുപണിയുടെ ഉദ്ഘാടനം കെ കുഞ്ഞിരാമൻ എം എൽ എ നിർവ്വഹിച്ചപ്പോൾ

മീലാദ് ഫെസ്റ്റ് നടത്തി

ചെമ്മനാട്: എസ്.എസ്.എഫ് ചെമ്മനാട് സെക്ടർ മഴവിൽ സമിതിക്ക് കീഴിൽ സംഘടിപ്പിച്ച 'രീഹുസ്വബാ' ഓൺലൈൻ മീലാദ് ഫെസ്റ്റ് സമാപിച്ചു. സമാപന സംഗമം സഅദ് ഉദ്ഘാടനം ചെയ്തു. തൻവീർ പെരുമ്പള, ഹാഫിസ് സ്വാലിഹ്, ഹാഫിസ് സിയാദ്, മുബശ്ശിർ ദേളി, മുബീൻ പള്ളങ്കോട്, ശറഫുദ്ധീൻ ദേളി, ഉബൈദ് ദേളി, ശദീദ് ദേളി, സമദ് ജൗഹരി, അബ്റാർ, ജാബിർ സംബന്ധിച്ചു.

വികസനത്തേരിൽ പുല്ലൂർ പെരിയ

പെരിയ: പുല്ലൂർ പെരിയ പഞ്ചായത്ത് പതിനേഴാം വാർഡിൽ ഒരു റോഡ് കൂടി ഗതാഗത യോഗ്യമാകുന്നു. വയറവള്ളി-പുക്കളം-രാരപ്പനടുക്കം റോഡിലാണ് ഏറെക്കാലത്തെ കാത്തിരിപ്പിനൊടുവിൽ ടാറിംഗ് പ്രവൃത്തി ആരംഭിച്ചത്. കൾവർട്ട് നിർമാണവും ഇതിന്റെ ഭാഗമായി നടക്കും. ഉദുമ എംഎൽഎ കെ കുഞ്ഞിരാമന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ വകയിരുത്തിയാണ് റോഡ് പണി ആരംഭിച്ചത്. കൂടാതെ പഞ്ചായത്തിന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും ഏഴ് ലക്ഷം രൂപയും ഈ റോഡിന് വേണ്ടി നീക്കിവച്ചിട്ടുണ്ട്. റോഡ് പ്രവൃത്തി ഉൽഘാടനം എംഎൽഎ കെ കുഞ്ഞിരാമൻ നിർവ്വഹിച്ചു. പഞ്ചായത്ത് പ്രസിഡണ്ട് ശാരദ എസ് നായർ ആധ്യക്ഷം വഹിച്ചു. വൈസ് പ്രസിഡണ്ട് പി കൃഷ്ണൻ, എ കുഞ്ഞമ്പു നായർ എന്നിവർ സംസാരിച്ചു. വാർഡ് മെമ്പർ സരോജിനി കൃഷ്ണൻ സ്വാഗതവും വാർഡ് വികസന സമിതി കൺവീനർ എ ദാമോദരൻ നായർ നന്ദിയും പറഞ്ഞു.

അജാനൂർ പഞ്ചായത്ത് യു.ഡി.എഫ് കൺവെൻഷൻ എൻ.എ നെല്ലിക്കുന്ന് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

കേരള ട്രഡീഷണൽ ആർട്ടിസാൻസ് കോൺഗ്രസ് കാസർകോട് ജില്ലാ പ്രവർത്തക കൺവെൻഷൻ പ്രസിഡന്റ് പി.ആർ. അരുൺ കുമാർ ഉദ്ഘാടനം ചെയ്യുന്നു

സി.പി.എം. നടപ്പിലാക്കുന്നത് ആർ.എസ്.എസ്. അജണ്ട: ട്രഡീഷണൽ ആർട്ടിസാൻസ് കോൺഗ്രസ്

പിലിക്കോട്: മുന്നോക്കക്കാരിലെ പിന്നോക്കക്കാർക്ക് പത്ത് ശതമാനം സംവരണം നൽകാനുള്ള സംസ്ഥാന സർക്കാറിന്റെ തീരുമാനം യഥാർത്ഥത്തിൽ ആർ.എസ്.എസ് അജണ്ട നടപ്പിലാക്കുകയാണെന്ന് കേരള ട്രഡീഷണൽ ആർട്ടിസാൻസ് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് പി.ആർ. അരുൺ കുമാർ പറഞ്ഞു. കേരള ട്രഡീഷണൽ ആർട്ടിസാൻസ് കോൺഗ്രസ് കാസർകോട് ജില്ലാ പ്രവർത്തക കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് കൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രസിഡണ്ട് ടി.വി.സുകുമാരൻ ആധ്യക്ഷം വഹിച്ചു. ചടങ്ങിൽ കാഥികൻ പി.വി.രാഘവൻ തൃക്കരിപ്പൂർ, കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് രസതന്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ നടക്കാവിലെ എം.വി. സ്വപ്ന ടീച്ചർ എന്നിവരെ സംസ്ഥാന പ്രസിഡണ്ട് പി.ആർ. അരുൺ കുമാർ അനുമോദിച്ചു. സംസ്ഥാന ഉന്നതാധികാര സമിതി അംഗം എ.ടി. ജനാർദ്ദനൻ, ബ്ലോക്ക് കോൺഗ്രസ് സെക്രട്ടറി കെ.എം. വിജയൻ, മണ്ഡലം കോൺഗ്രസ് കമ്മറ്റി ട്രഷറർ നവീൻബാബു, മുൻ ജില്ലാ പ്രസിഡണ്ട് കരുണാകരൻ തട്ടാച്ചേരി, മഹിളാ വിഭാഗം ജില്ലാ പ്രസിഡണ്ട് രമാരാജൻ, സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീജാ ബി.സി, സംസ്ഥാന ഉന്നതാധികാര കമ്മറ്റി മെമ്പർ കുമാരൻ കുഞ്ഞിമംഗലം സംസാരിച്ചു. യോഗത്തിൽ വെച്ച് പുതിയ ജില്ലാ ഭാരവാഹികളായി താഴെ പറയുന്നവരെ തെരഞ്ഞെടുത്തു. രവി പിലിക്കോട് (ജില്ലാ പ്രസിഡണ്ട്) കരുണൻ തിമിരി (ജനറൽ സെക്രട്ടറി) പല്ലവ നാരായണൻ കാഞ്ഞങ്ങാട് (ട്രഷറർ) പ്രസി. മധു കോതോളിയേയും തെരഞ്ഞെടുത്തു.

പ്ലസ് ടു - എസ് എസ് എൽ സി ഉന്നത വിജയികളെ അനുമോദിച്ചു

എടനീർ: എടനീർ സ്വാമീജീസ് ഹയർസെക്കറി സ്കൂളിൽ നിന്നും ഹയർസെക്കറി പരീക്ഷയിൽ 1200 ൽ 1200 മാർക്കും നേടിയ 4 വിദ്യാർത്ഥികൾകളെയും മുഴുവൻ വിഷയങ്ങൾക്കും എ കരസ്ഥമാക്കിയ23 വിദ്യാർത്ഥികളെയും മുഴുവൻ വിഷയങ്ങൾക്കും എ കരസ്ഥമാക്കിയ എസ് എസ് എൽ സി വിദ്യാർത്ഥികളെയും മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ഗോൾഡ് മെഡൽ നേടിയ പ്രജ്ഞ ബി (എം ടെക് മെറ്റീരിയൽ സയൻസ്), അർപ്പിത ബി (എം എസ് സി ജിയോഗ്രഫി) കീം 2020 പരീക്ഷയിൽ പതിമ്മൂന്നാം റാങ്ക് കരസ്ഥമാക്കിയ എം മനൂപ് എന്നീ പൂർവ്വ വിദ്യാർത്ഥികളെയും അണിനിരത്തി 'മീറ്റ് ദ സ്റ്റാർസ് 2020 പരിപാടി നടത്തി.സ്വാമീജീസ് ഹയർസെക്കറി സ്കൂളിൽ നടന്ന പരിപാടിയിൽ എടനീർ മഠാധിപതി സച്ചിതാനന്ദ ഭാരതി സ്വാമികൾ മുഖ്യപ്രഭാഷണം നടത്തി. എ പ്ലസ് വിജയികളെ ചടങ്ങിൽ അനുമോദിച്ചു. ചടങ്ങിൽ പി ടി എ പ്രസിഡന്റ് നാരായണൻ ആധ്യക്ഷം വഹിച്ചു. പ്രിൻസിപ്പൽ എ എൻ നാരായണൻ സ്വാഗതവും, വൈസ് പ്രിൻസിപ്പൽ മധുസൂദനൻ നമ്പൂതിരി നന്ദിയും പറഞ്ഞു. രവീശ തന്ത്രി കുർ, സൂര്യനാരായണ ഭട്ട്, സതീഷ്, കരിയർ ഗൈഡൻസ് മേധാവി ഡോ.ജി കെ ഗോപേഷ്, സ്റ്റഫ് സൊക്രട്ടറി പി പ്രഭാകരൻ,അധ്യാപകരായ വി വി ശ്യാമള, ടി എം ശ്രീജ, ഐ കെ വാസുദേവൻ, കെ സി ഫ്രാൻസിസ്, കെ പ്രവീൺ കുമാർ, എൻ ഹരീഷ, എ മധുസൂദനൻ, ടി ശ്രീപതി, എം കെ ദീപ, രക്ഷിതാക്കൾ തുടങ്ങിയവർ സംബന്ധിച്ചു.

എടനീർ സ്വാമീജീസ് ഹയർസെക്കണ്ടറി സ്കൂളിൽ നിന്നും എസ് എസ് എൽ സി -പ്ലസ്ടു പരീക്ഷയിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ ആദരിച്ചപ്പോൾ

അതിജീവനത്തിനായി പച്ചത്തുരുത്തുകൾ; മടിക്കൈ സംസ്ഥാന തലത്തിൽ ഒന്നാമത്

മടിക്കൈ: മണ്ണിന്റെ മനസ്സറിഞ്ഞ് നാടിനെ ഹരിതാഭമാക്കിയ മടിക്കൈക്ക് ഹരിത കേരള മിഷന്റെ അംഗീകാരം.160 പച്ചത്തുരുത്തുകൾ നിർമ്മിച്ച് സംസ്ഥാനത്ത് ഒന്നാം സ്ഥാനത്തെത്തിയത് കേരളപ്പിറവി ദിനത്തിൽ മന്ത്രി തോമസ് ഐസക് പ്രഖ്യാപനം നടത്തി. ഹരിത കേരള മിഷന്റെ അനുമോദന പത്രം ജില്ലാ കോർഡിനേറ്റർ എം.പി സുബ്രഹ്മണ്യൻ പഞ്ചായത്തു പ്രസിഡണ്ടിന് സമ്മാനിച്ചു. ഡോ.ടി.എൻ സീമ ആധ്യക്ഷം വഹിച്ചു. ശശീന്ദ്രൻ, പ്രമീള.കെ, അബ്ദുറഹ്മാൻ. എൻ, ഇന്ദിര. സി, മധുസൂദനൻ പ്രസംഗിച്ചു.

പ്രാദേശിക സമിതികളുടെ മേൽനോട്ടത്തിലാണ് 15 വാർഡിലെയും പച്ചത്തുരുത്തുകൾ പരിപാലിക്കുന്നത്. കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാനും അന്തരീക്ഷ മലിനീകരണം കുറക്കാനും കാർബൺ ന്യൂട്രൽ ഗ്രാമമായി മടിക്കൈ യെ മാറ്റാനും ഉള്ള ശ്രമത്തിനാണ് തുടക്കം കുറിച്ചിരിക്കുന്നത്. മടിക്കൈ മാതൃക' കേരളം മുഴുവൻ പിന്തുടരണമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

പച്ചത്തുരുത്തിൽ സംസ്ഥാന തലത്തിൽ മാതൃകയായ മടിക്കൈ പഞ്ചായത്തിനുള്ള അനുമോദനം ഹരിത കേരളമിഷൻ ജില്ലാ കോ. ഓഡിനേറ്റർ പഞ്ചായത്തു പ്രസിഡണ്ടിനു സമ്മാനിക്കുന്നു